(ബി) ഏതെല്ലാം വിധത്തിലുള്ള തീറ്റകൾ ഉല്പാദിപ്പിക്കുവാൻ ഇവിടെ സൗകര്യമുണ്ട്;

(സി) 1999-2000-ൽ ഇവിടുത്തെ ഉല്പാദനം എത്രയായിരുന്നു;

(ഡി) 2003-04-ൽ ഉല്പാദനം എത്രയായിരുന്നു;

(ഇ) ഈ വർഷം ഉല്പാദന ലക്ഷ്യം എത്രയാണ്;

(എഫ്) ഇപ്പോൾ ഈ സ്ഥാപനം ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 500 മെട്രിക് ടൺ/ദിവസം (3 ഷിഫ്റ്റ്).

(ബി) വളർത്തുമൃഗങ്ങൾക്കുള്ള ഗുണമേന്മയുള്ള തീറ്റകൾ പെല്ലറ്റ് രൂപത്തിൽ ഉല്പാദിപ്പിക്കുവാൻ ഇവിടെ സൗകര്യമുണ്ട്.

(സി) 41994.17 മെട്രിക് ടൺ.

(ഡി) 115931.05 മെട്രിക് ടൺ.

(ഇ) 135000 മെട്രിക് ടൺ.

(എഫ്) ലാഭത്തിൽ പ്രവർത്തിക്കുന്നു.

കേരളാ ഫീഡ്സിന്റെ ഫാക്ടറികൾ

89 [418] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
" എ. കെ. പോൾസൺ മാസ്റ്റർ:
ശ്രീമതി മാലേത്തു സരളാദേവി:
ശ്രീ. ടി. എൻ. പ്രതാപൻ:
" പി. റ്റി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ക്ഷീരകർഷകർക്കും കാലിത്തീറ്റ നൽകുവാൻ കേരളാഫീഡ്സിന് കഴിയുന്നുണ്ടോ;

(ബി) കേരളാഫീഡ്സിന് ഇപ്പോൾ എവിടെയെല്ലാം ഫാക്ടറികളുണ്ട് എന്ന് വിശദമാക്കാമോ;

(സി) കൂടുതൽ ഫാക്ടറികൾ സ്ഥാപിക്കുവാൻ ഈ കമ്പനിക്ക് ഉദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) 1. കല്ലേറ്റുംകര (കാലിത്തീറ്റ ഉല്പാദനം).

2. നെടുപുഴ (ധാതുലവണ മിശ്രിതം).

(സി) ആലോചിച്ചുവരുന്നു.

കേരളാ ഫീഡ്സ് ഉല്പന്നങ്ങളുടെ വിൽപ്പന

90 [419] ശ്രീ. അടൂർ പ്രകാശ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എൻ. ശക്തൻ:
„ ഇ. എം. അഗസ്തി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാഫീഡ്സ് ലിമിറ്റഡിന്റെ ഉൽപ്പന്നം വിൽക്കുന്നത് എത്ര വ്യാപാരികൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) എന്തു വ്യവസ്ഥയിന്മേലാണ് ഈ വ്യാപാരികളെ നിയമിച്ചിട്ടുള്ളത്;

(സി) കേരളാഫീഡ്സിന്റെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് എന്തെല്ലാം സെയിൽസ് പ്രൊമോഷൻ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 439 സ്വകാര്യ ഡീലർമാരും 450 സഹകരണ സംഘങ്ങളും ഉൾപ്പെടെ ആകെ 889 വ്യാപാരികൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) സ്വകാര്യ ഡീലർഷിപ്പ് സംബന്ധിച്ച് പൊതുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കമ്പനി നൽകുന്ന അപേക്ഷാ ഫോറത്തിൽ മാത്രമേ ഡീലർഷിപ്പിന് അപേക്ഷ സ്വീകരിക്കുകയുള്ളൂ.

2. മുനിസിപ്പാലിറ്റി/പഞ്ചായത്ത് അടിസ്ഥാനത്തിലാണ് ഡീലർഷിപ്പ് അനുവദിക്കുന്നത്.

3. നിലവിൽ കേരളാ ഫീഡ്സിന്റെ ഡീലർഷിപ്പ് പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റി/പഞ്ചായത്തുകളിൽ ഡീലർഷിപ്പ് അപേക്ഷ പരിഗണിക്കുന്നതല്ല.

4. ഡീലർഷിപ്പിന് അപേക്ഷിച്ചിരിക്കുന്ന മുനിസിപ്പാലിറ്റി/പഞ്ചായത്തിലെ കച്ചവട പ്രാധാന്യമുള്ള സ്ഥലത്ത് 200 ചാക്ക് (10 മെട്രിക് ടൺ) കാലിത്തീറ്റ സൂക്ഷിക്കുന്നതിനാവശ്യമായ സൗകര്യമുള്ള കടമുറി അപേക്ഷകന്റെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly